"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിന് വിജ്ഞാന കേരളം പരിപാടിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ - മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.112/2025/LSGD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ) നം.3/2023/തസ്വഭവ; തീയതി 04.01.2023
5. സ.ഉ.(കൈ) നം.179/2024/തസ്വഭവ; തീയതി 19.12.2024
6. സ.ഉ.(സാധാ)നം.445/2025/തസ്വഭവ; തീയതി 12.02.2025
7. സ.ഉ.(സാധാ) നം.727/2025/തസ്വഭവ; തീയതി 19.03.2025
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.06.2025ലെ KSHO/1108/2025-MSKILLS നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരളത്തിന്റെ സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിനായി സമ്പദ് വ്യവസ്ഥ വിജ്ഞാനാധിഷ്ഠിതമായി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട നൈപുണ്യവികസനത്തിന്റെ ഘടകം കൂടി തദ്ദേശസ്ഥാപനങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിന് എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്ഥാപിച്ച് തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിനും, സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും, സംരംഭകത്വ വികസനത്തിന് പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പരാമർശം 1-3 മാർഗ്ഗരേഖകൾ പ്രകാരം നൽകിയിട്ടുള്ളതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനായി തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച അധിക മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 4 പ്രകാരവും നൽകിയിട്ടുണ്ട്.

2. കേരളത്തിലെ അഭ്യസ്തവിദ്യർക്ക് യോഗ്യതയ്ക്കും നൈപുണിക്കും അനുസൃതമായ തൊഴിലവസരങ്ങൾ സ്വകാര്യമേഖലയിലുൾപ്പടെ ലഭ്യമാക്കുകയെന്ന ദൗത്യവുമായി സർക്കാർ

നോളെജ് ഇക്കോണമി മിഷൻ രൂപീകരിച്ചിരുന്നു. കേരള നോളേജ് ഇക്കോണമി മിഷൻ നേരിട്ട് സംഘടിപ്പിക്കുന്ന സംവിധാനങ്ങൾ, പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്ന കാര്യങ്ങൾ എന്നിങ്ങനെ പരസ്പര പൂരകമായി പ്രവർത്തിക്കുന്ന ഘടകങ്ങളുടെ സമന്വയത്തിലൂടെ തൊഴിൽ അന്വേഷകരെ തൊഴിലിലേക്ക് എത്തിക്കുന്ന രീതിയിൽ നോളേജ് മിഷൻ പ്രവർത്തനങ്ങൾ പുനരാവിഷ്കരിച്ചുകൊണ്ട് 'വിജ്ഞാന കേരളം' പരിപാടി ആരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി ക്യാമ്പസ് പ്ലേസ്മെന്റ് വഴി അവരിൽ പഠനം പൂർത്തീകരിക്കുന്ന മുറക്ക് ജോലി നൽകൽ, പഠനം പൂർത്തിയാക്കി നിലവിൽ ജോലി ഇല്ലാത്ത തൊഴിലന്വേഷകർക്ക് തൊഴിൽ മേളകൾ വഴി ജോലി നൽകുന്നതിനുള്ള പരിപാടി എന്നീ പ്രധാന ലക്ഷ്യങ്ങളോടെയുള്ള വിജ്ഞാന കേരളം കർമ്മപരിപാടിയുടെ മാർഗ്ഗരേഖ, പരാമർശം 5 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി, പ്രാദേശിക സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലടക്കം ലഭ്യമായ തൊഴിലുകളിൽ അതാത് പ്രദേശത്തെ വീട്ടമ്മമാർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടി ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീയ്ക്ക് നൽകിയിട്ടുണ്ട്.

3. പരിമിതമായ ജീവിത സാഹചര്യങ്ങളാൽ ചിട്ടയായ രീതിയിൽ നൈപുണ്യ പരിശീലനം നേടാൻ പലപ്പോഴും സ്ത്രീകൾക്ക് സാധിക്കാത്ത സാഹചര്യമുണ്ട്. കൃത്യമായി പരിശീലനം ലഭ്യമാകാത്തതിനാൽ കുറഞ്ഞ വൈദഗ്ദ്യം ഉള്ള ഇവർക്ക് അസംഘടിത മേഖലയിലെ കുറഞ്ഞ തൊഴിലവസരം ആണ് പ്രാപ്യമായിട്ടുള്ളത്. കേരള ജനതയുടെ 20 നും 59 നും ഇടയിൽ പ്രായമുള്ളവരിൽ 53% ഉം സ്ത്രീകളാണ്. കേരളത്തിൽ 11.6 % സ്ത്രീകൾ തൊഴിൽ രഹിതരുമാണ്. അഭ്യസ്തവിദ്യരായ കേരളത്തിലെ സ്ത്രീകളിലെ തൊഴിൽ രഹിതർ ദേശീയ ശരാശരിയെക്കാൾ മൂന്ന് ഇരട്ടിയോളമാണ്. ഇത് പരിഹരിക്കുന്നതിനായി, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തി ഓരോ അയൽക്കൂട്ട കുടുംബങ്ങളുടേയും വരുമാനം വർദ്ധിപ്പിക്കുകയും പുത്തൻ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രാപ്തി നൈപുണ്യ പരിശീലനത്തിലൂടെ കുടുംബശ്രീ കുടുംബങ്ങളിലെ തൊഴിൽ സന്നദ്ധരായവർക്ക് നൽകുന്നതിനും, ഓരോ സി.ഡി.എസ് പരിധിയിലും വിവിധ മേഖലയിലായി ലഭ്യമാക്കാൻ കഴിയുന്ന തൊഴിലുകൾ കണ്ടെത്തി അവ തൊഴിലന്വേഷകരുമായി ബന്ധപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ വിവിധ നൈപുണ്യ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി, വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി കുടുംബശ്രീ ഒരു ക്യാമ്പയിൻ ആസൂത്രണം ചെയ്തിട്ടുണ്ട്. 2025 ജൂലൈ മാസത്തിൽ ആരംഭിച്ച് സെപ്റ്റംബർ വരെ ഒന്നാംഘട്ട ക്യാമ്പയിനിലൂടെ ചുരുങ്ങിയത് 1 ലക്ഷം പേർക്ക് വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

4. വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കുള്ള, അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു ഉത്തരവാകുന്നു. ആയതിൽ വിഭാവനം ചെയ്യുന്ന പ്രവർത്തനം സമയബന്ധിതമായി നടപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളും അനുബന്ധ ഏജൻസികളും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേ ശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. മെമ്പർ സെക്രെട്ടറി, കെഡിസ്ക്
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 03-07-2025 13:04:08

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്